**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 215** **18.03.2013-ൽ മറുപടിക്ക്.**

**നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | : | (എ) ജനസംഖ്യയിൽ താരതമ്യേന മുൻപന്തിയിൽ നിൽക്കുന്നതും, വളരെ കൂടുതൽ ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്നതുമായ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് കേരളാ പോലീസ് ആക്ട് 2011-ലെ സെക്ഷൻ 15(2), 15(3) & 15(4) എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) ഈ സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | : | (ബി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ദ്ധ്യത്തോടെയും ഉത്തരവാദിത്വത്തോടെയും അധികാരത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, പ്രസ്തുത നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഈ സംവിധാനം വഴി പോലീസ് കമ്മീഷണർമാർക്ക് വിപുലമായ എന്തെല്ലാം അധികാരങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ; | : | (സി) ക്രമസമാധാന പരിപാലനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം, കൊച്ചി മെട്രോ പോളിറ്റൻ പോലീസ് കമ്മീഷണർമാർക്ക് ക്രിമിനൽ നടപടി നിയമ സംഹിത 1973-ലെ സെക്ഷൻ 20(1) പ്രകാരമുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരം (KAAP Act 2007-ലെ സെക്ഷൻ 3(2) പ്രകാരമുള്ള അധികാരമൊഴിച്ച്) ഉണ്ടായിരിക്കുന്നതാണ്. |

(മറുപുറം)

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ? | : (ഡി) മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ